പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1919 **26-10-2026-ൽ മറുപടിയ്ക്ക്**

നരിക്കുനിയിൽ പുതിയ സബ് ട്രഷറി ഓഫീസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. ഫിറോസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനിയിൽ പുതിയ ട്രഷറി ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: നരിക്കുനിയിൽ പുതിയ സബ് ട്രഷറി ആരംഭിക്കുന്നതിന് ബഹു. കൊടുവള്ളി എം.എൽ.എ. ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിശോധനയിലാണ്. ഇതു സംബന്ധിച്ച് ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് തേടിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഡയറക്ടറുടെ ശിപാർശകളുടെ അടിസ്ഥാനത്തിലും, പുതിയ ട്രഷറി ആരംഭിക്കേണ്ടതിന്റെ അനിവാര്യത, സ്ഥലലഭ്യത, സാമ്പത്തിക ബാധ്യത തുടങ്ങിയവ കൂടി പരിശോധിച്ച ശേഷം മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാകൂ.

(ബി) 2011-2016 സർക്കാരിന്റെ കാലയളവിൽ നരിക്കുനിയിൽ ട്രഷറി ഓഫീസ് അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: നരിക്കുനിയിൽ ട്രഷറി ഓഫീസ് അനുവദിക്കുന്ന വിഷയം ടി കാലയളവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ലായിരുന്നു.

(സി) നരിക്കുനി, മടവൂർ, കിഴക്കോത്ത് പഞ്ചായത്തുകളിലെയും സമീപ എലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കാക്കൂർ, കുരുവട്ടൂർ, ചേളന്നൂർ പഞ്ചായത്തുകളിലെയും ജനങ്ങൾക്കും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ട്രഷറി സേവനങ്ങൾ ലഭിക്കുന്നതിനായി ദൂരെയുള്ള ട്രഷറികളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളിൽ ട്രഷറി സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഇതു സംബന്ധിച്ചുള്ള ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഈ വിഷയത്തിലെ നിജസ്ഥിതി സർക്കാരിന് വ്യക്തമാകുകയുള്ളൂ

(ഡി) പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളുടെയും സർക്കാർ ജീവനക്കാരുടെയും ആവശ്യങ്ങൾ പരിഗണിച്ച് നരിക്കുനിയിൽ പുതിയ ട്രഷറി ഓഫീസ് അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച്

അനുകൂല നടപടി സ്വീകരിക്കാമോ?

<u>മറുപടി:</u> പിരിവ് 'എ' യിലെ മറുപടി ബാധകം.

സെക്ഷൻ ഓഫീസർ